**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2050** **12-09-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** |

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(എ) ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെട്ടതാണ് ക്ഷീരഗ്രാമം പദ്ധതി. ക്ഷീരവികസനം സാധ്യമാക്കാൻ കഴിയുന്ന ശേഷിയുള്ള ഗ്രാമ പഞ്ചായത്തുകളെ തെരഞ്ഞെടുത്താണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഒരു പശുയൂണിറ്റ്, രണ്ട് പശുയൂണിറ്റ്, 5 പശുയൂണിറ്റ്, കർഷക സമ്പർക്കപരിപാടി, കറവയന്ത്രം, ചാണകക്കുഴി/ മൂത്രച്ചാൽ നിർമ്മാണം, കറവ പശുക്കൾക്കുള്ള പ്രത്യേക ഫീഡിംഗ് പാക്കേജ്, ഗർഭിണികളായ കിടാരികൾക്കുള്ള പ്രത്യേക സംരക്ഷണം, ഫാം ആധുനിക വത്ക്കരണം, പുൽകൃഷിത്തോട്ട നിർമ്മാണം എന്നിങ്ങനെയുള്ള വിവിധ ഘടകപദ്ധതികൾ ഉൾപ്പെട്ടതാണ് ക്ഷീരഗ്രാമം പദ്ധതി. 50 ലക്ഷം രൂപയുടെ ഘടകങ്ങളടങ്ങിയ ഈ പദ്ധതിയുടെ 25% തുക ക്ഷീരവികസന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും ശേഷിച്ച 25% തുക പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നുമാണ് വകയിരുത്തുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) 30 ഗ്രാമ പഞ്ചായത്തുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2021 മുതൽ 2023 വരെ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമനം. | വർഷം | ജില്ല | പഞ്ചായത്ത് |
|---|---|---|---|
| 1 | 2021-22 | തിരുവനന്തപുരം | പോത്തൻകോട് |
| 2 | | കൊല്ലം | ഇട്ടിവ |
| 3 | | | കരീപ്ര |
| 4 | | ആലപ്പുഴ | തണ്ണീർമുക്കം |
| 5 | | കോട്ടയം | കറുകച്ചാൽ |
| 6 | | എറണാകുളം | കോട്ടുവള്ളി |
| 7 | | കോഴിക്കോട് | വേളം |
| 8 | | | കടലുണ്ടി |
| 9 | | കണ്ണൂർ | മങ്ങാട്ടിടം |
| 10 | | | പിറശ്ശേരി |
| 11 | 2022-23 | തിരുവനന്തപുരം | പുല്ലമ്പാറ |

| | | | |
|---|---|---|---|
| 12 | | കൊല്ലം | അഞ്ചൽ |
| 13 | | | ചിതറ |
| 14 | | | കല്ലുവാതുക്കൽ |
| 15 | | പത്തനംതിട്ട | കടമ്പനാട് |
| 16 | | ആലപ്പുഴ | ഭരണിക്കാവ് |
| 17 | | കോട്ടയം | മരങ്ങാട്ടുപള്ളി |
| 18 | | | വാഴൂർ |
| 19 | | ഇടുക്കി | വണ്ടിപ്പെരിയാർ |
| 20 | | എറണാകുളം | ആലങ്ങാട് |
| 21 | | | അറക്കുഴ |
| 22 | | തൃശ്ശൂർ | മാടക്കത്തറ |
| 23 | | | തണ്ണീയം |
| 24 | | പാലക്കാട് | നാഗലശ്ശേരി |
| 25 | | | ഷോളയാർ |
| 26 | | മലപ്പുറം | കറുലായി |
| 27 | | കോഴിക്കോട് | നരിപ്പെട്ട |
| 28 | | വയനാട് | മീനങ്ങാടി |
| 29 | | കണ്ണൂർ | പരിയാരം |
| 30 | | കാസർഗോഡ് | ചെമ്മനാട് |

| | | | |
|---|---|---|---|
| (സി) | കായണ്ണ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കായണ്ണ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നിവേദനം സമർപ്പിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി വകുപ്പിനനുവദിച്ച പദ്ധതിത്തുക കൂടാതെ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നുമുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് . ആയതിനാൽ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന മുറയ്ക്ക് ക്ഷീരഗ്രാമം പദ്ധതി പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ